# പതിനാലാം കേരള നിയമസഭ
# (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4658** **25.06.2019-ൽ മറുപടിയ്ക്ക്**

## <u>നിരന്തരമായുണ്ടാകുന്ന കടലാക്രമണം</u>

| ചോദ്യം<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) കയ്പമംഗലം നിയോജകമണ്ഡലത്തിൽ നിരന്തരമായ കടലാക്രമണത്തിന് വിധേയമാകുന്നതും മത്സ്യത്തൊഴി ലാളികൾ തിങ്ങിത്താമസിക്കുന്നതുമായ എറിയാട്,എടവിലങ്ങ് ഗ്രാമപഞ്ചായത്തു കളിലെ തീരപ്രദേശത്തെ 50 മീറ്റർ ദൂരപരിധിയിലുള്ള എത്ര കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടി കളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) കയ്പമംഗലം നിയോജക മണ്ഡലത്തിലെ എറിയാട്, എടവിലങ്ങ് എന്നീ ഗ്രാമപഞ്ചായത്തു കളിലെ 15 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്.<br><br>1) കടലാക്രമണത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധി വാസത്തിനായി നടപ്പാക്കിയ പ്രത്യേക പാക്കേജ് - 'അഭയം' (2016-17) പ്രകാരം 2 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്.<br><br>2) തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധി വാസത്തിനായി ബി.ഐ.എഫ്. & എച്ച്.ഡി.എഫ് (2017-18)-ൽ ഉൾപ്പെട്ട ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി 9 മത്സ്യത്തൊഴിലാളി കുടുംബ ങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിനുള്ള ധനസഹായം 10 ലക്ഷം രൂപ നിരക്കിൽ നൽകിയിട്ടുണ്ട്. ഇതിൽ ഓഖിയിൽ വീട് നഷ്ടപ്പെട്ട നാലു പേരും ഉൾപ്പെടുന്നു.<br><br>3) തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും 200 മീറ്ററിനു വെളിയിൽ സ്ഥലമുള്ളവരുമായ 4 മത്സ്യത്തൊഴിലാളി |

കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്.

| | |
|---|---|
| ബി) എറിയാട്, എടവിലങ്ങ് തീരത്ത് നിരന്തരമായുണ്ടാകുന്ന കടലാക്രമണത്തെക്കുറിച്ച് ശാസ്ത്രീയപഠനം നടത്തുവാൻ സർക്കാർ തയ്യാറാകുമോ; കടലാക്രമണത്തിന് വിധേയരാവുന്ന മത്സ്യത്തൊഴിലാളികൾക്കും തീരദേശവാസികൾക്കും എന്തെല്ലാം സഹായങ്ങൾ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ബി) എറിയാട്, എടവിലങ്ങ് തീരത്ത് നിരന്തരമായുണ്ടാകുന്ന കടലാക്രമണത്തെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തുവാൻ നിലവിൽ തീരുമാനം എടുത്തിട്ടില്ല.<br><br>സംസ്ഥാനത്ത് തീരപ്രദേശത്തെ 50 മീറ്ററിനുള്ളിൽ താമസിക്കുന്നതും കടലാക്രമണ ഭീഷണി നേരിടുന്നതുമായ മുഴുവൻ (18850) മത്സ്യത്തൊഴിലാളി കുടുംബങ്ങളേയും സുരക്ഷിത മേഖലയിലേക്ക് മാറ്റി പാർപ്പിക്കുന്നതിന് റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി സി.എം.ഡി.ആർ.എഫ്-ൽ നിന്നും 1398 കോടി രൂപ അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ആഫീസർ**